(26)

സ.ഉ.(സാധാ) നം.549/2022/LBR

6552

OFFICE OF THE LABOUR COMMISSIONER
04 MAY 2022
150 YEARS OF CELEBRATING THE MAHATMA
THIRUVANANTHAPURAM

LCO/10165/21/ML

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലെ സ്ഥാനക്കയറ്റം / സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.549/2022/LBR തീയതി,തിരുവനന്തപുരം, 30-04-2022

---

പരാമർശം:- 1. 18.04.2022-ലെ സ. ഉ. (പി) നം 23/2022/തൊഴിൽ നമ്പർ ഉത്തരവ് .

2. ലേബർ കമ്മീഷണറുടെ 21.04.22-ലെ LCO/66/22/E(1) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ ശ്രീ. എം.ജി. സുരേഷിനെ കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

മേൽ പരാമർശം (1) -ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം . 1, 2 ,3 ആയിട്ടുള്ള ജില്ലാ ലേബർ ഓഫീസർമാരെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലേക്ക് റെഗുലർ ബേസിൽ 63700-123700/- രൂപ ശമ്പള സ്കെയിലിൽ കെ. എസ്. & എസ്.എസ്.ആർ പാർട്ട് (II) റൂൾ 28 (b) (i) പ്രകാരം സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സെലക്ട് ലിസ്റ്റിലെ സീനിയർ മോസ്റ്റും ക്രമ നം. 1 ഉം ആയ ശ്രീ. വി.ബി. ബിജു-ന് ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിലവിലുള്ള ഒഴിവിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ ആന്റ് സെക്രട്ടറി, സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ് തസ്തികയിൽ നിയമിക്കുന്നു.

2. ക്രമ നം. 2 ആയ ശ്രീ. കെ.എ. ഷാജു-ന് ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി , കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ ആയിരുന്ന ശ്രീ. എം.ജി. സുരേഷിനെ അന്യത്ര സേവനം അനുവദിച്ച ഒഴിവിൽ , കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിൽ നിയമിക്കുന്നു. ശ്രീ. കെ.എ. ഷാജു നിലവിൽ പൂർണ്ണ അധിക ചുമതല വഹിച്ചുകൊണ്ടിരിക്കുന്ന കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല തുടർന്നും വഹിക്കേണ്ടതാണ്. കൂടാതെ കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ പൂർണ്ണ അധികചുമതല കൂടി ശ്രീ. കെ.എ. ഷാജു വഹിക്കേണ്ടതാണ്.

3. ക്രമ നം. 3 ആയ ശ്രീ. ഐ. ഷമീം അഹമ്മദ് -ന് ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, ഇന്റർനാഷണൽ സീ പോർട്ട് വിഴിഞ്ഞം ഡെപ്യൂട്ടി ലേബർ കമ്മീഷണർ ആയിരുന്ന ശ്രീ. കെ.ജി വത്സലകുമാർ വിരമിച്ച ഒഴിവിൽ, ഇന്റർനാഷണൽ സീ പോർട്ട് വിഴിഞ്ഞം ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിൽ നിയമിക്കുന്നു.

സ.ഉ.(സാധാ) നം.549/2022/LBR

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എസ്.ശ്രീകല
അഡിഷണൽ സെക്രട്ടറി

To

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് ( ലേബർ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കണ്ണൂർ.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കണ്ണൂർ.
ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ , കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് , തിരുവനന്തപുരം.
തൊഴിലും നൈപുണ്യവും ( ആർ, ബി, ഡി) വകുപ്പ്
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ശേഖരം /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Anisha Vijayan**
**Date: 30-04-2022 14:54:27**
സെക്ഷൻ ഓഫീസർ